**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 411** **10.03.2015 ൽ മറുപടിയ്ക്ക്**

**കൊച്ചി മെട്രോ റെയിൽ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ബെന്നി ബെഹനാൻ | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും റെയിൽവേയും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) | കൊച്ചി മെട്രോ റെയിൽ പ്രോജക്ട് നടപ്പിലാക്കാൻ വേണ്ടി 2011 ഓഗസ്റ്റ് മാസത്തിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചു. ഭാരത സർക്കാർ ഈ പദ്ധതിക്ക് 2012 ജൂലൈ മാസം അനുമതി നൽകി. പദ്ധതി പ്രവർത്തനങ്ങൾക്ക് 2013 ജൂണിൽ തുടക്കമായി. ഡി.എം.ആർ.സി. തയ്യാറാക്കിയ ഡി.പി.ആർ പ്രകാരം ഈ പദ്ധതിക്ക് 5181.79 കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. പദ്ധതിക്ക് ആവശ്യമായ 40.409 ഹെക്ടർ ഭൂമിയിൽ 92% വും ഏറ്റെടുത്തു കഴിഞ്ഞു. സിവിൽ സംബന്ധമായ നിർമ്മാണ ജോലികൾ തൃപ്തികരമായി മുന്നേറുകയും ഏകദേശം 41% പുരോഗതി കൈവരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ പുരോഗതി വിലയിരുത്താൻ എന്തെല്ലാം മോണിറ്റർ സംവിധാനമാണ് ഒരുക്കിയിട്ടുള്ളത് ; | (ബി) | ഡയറക്ടർ ബോർഡ് സംവിധാനത്തെ കൂടാതെ, പദ്ധതിയുടെ പുരോഗതി വിലയിരുത്തുവാൻ കമ്പനിക്ക് മാനേജിംഗ് ഡയറക്ടർ ചെയർമാനായും കമ്പനിയുടെ മുഴുവൻ സമയ ഡയറക്ടർമാരും, ഡി.എം.ആർ.സി. ഡയറക്ടറും അംഗങ്ങളായുള്ള രണ്ട് ഉപസമിതികളും നിലവിലുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ ഉത്തരവ് പ്രകാരം സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഹൈ പവർ കമ്മിറ്റി പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. ഇവ കൂടാതെ പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി ഊർജ്ജ വകുപ്പ് മന്ത്രിയും മുഖ്യമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും യോഗങ്ങളും വിളിച്ചു ചേർക്കാറുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിക്ക് വേണ്ടി വരുന്ന തുക എങ്ങനെ കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; | (സി) | ഈ പദ്ധതിക്കായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക വിഹിതം 1002.23 കോടി രൂപയും, സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക വിഹിതം 1911.56 കോടി രൂപയുമാണ്. കൂടാതെ ദീർഘകാല വായ്പയായി 2170 കോടി രൂപ ഫ്രഞ്ച് വികസന ഏജൻസിയിൽ നിന്നും കാനറാ ബാങ്കിൽ നിന്നും ലഭിക്കും. വസ്തു വികസനത്തിൽ (Property Development) നിന്ന് 98 കോടി രൂപയും ലഭിക്കുന്നതാണ്. |
| (ഡി) | പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ? | (ഡി) | ആലുവ മുതൽ മഹാരാജാസ് കോളേജ് ജംഗ്ഷൻ വരെയുള്ള 18 കിലോമീറ്റർ 2016 ജൂണിൽ കമ്മീഷൻ ചെയ്യാനും മഹാരാജാസ് കോളേജ് ജംഗ്ഷൻ മുതൽ പേട്ട വരെ 2017 ജൂണിൽ പൂർത്തീകരിക്കാനും ആണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ